12
2025
ഫെബ്രുവരി
ബുധൻ
മകരം 30

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.73 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-73 പേജ് 4. വില 2.00 രൂപ




02 വിജിലൻസ് റെയ്ഡ്: രജിസ്ട്രേഷൻ വകുപ്പിലെ ഡിഐജി ഉൾപ്പെടെ ആറ് ഉദ്യോഗസ്ഥർ പിടിയിൽ

03 അന്താരാഷ്ട്ര ക്രിമിനൽ കോടതിക്ക് ഉപരോധം പ്രഖ്യാപിച്ച് ട്രംപ്

04 മയക്കുമരുന്നിനെതിരെ സഭയിൽ രോദനം; സുജിത്തിന് ചവറയിൽ ലോജിസ്റ്റിക് പാർക്ക് വേണം

# ആഴക്കടൽ ഖനനം മത്സ്യമേഖലയെ തകർക്കും



തിരുവനന്തപുരം : ആഴക്കടൽ ഖനനവും ബ്ലൂ ഇക്കോണമിയും മത്സ്യമേഖലയെ പൂർണമായും തകർക്കുന്നതും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് തന്നെ ഭീഷണിയാകുന്നതുമാണെന്ന് മന്ത്രി പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ഈ നയത്തിനെതിരെ പലതവണ പ്രതിഷേധം അറിയിച്ചതാണ്. എന്നാൽ കേന്ദ്രം പിന്മാറിയിട്ടില്ല. ആഴക്കടൽ ഖനനം നടക്കുന്നതോടെ ഈ മേഖലയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന ബോട്ടുകളും മറ്റും അപകടത്തിൽപെടാനും ഇടയാകും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കണമെന്നതാണ് സർക്കാരിന്റെ നയം. അതിനുവേണ്ടി ആഴക്കഴൽ ഖനനത്തിനെതിരെ മത്സ്യത്തൊഴിലാളികളെ അണിനിരത്തി യോജിച്ച പ്രക്ഷോഭം നടത്തുന്നതും ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു.

തോട്ടപ്പള്ളിയിൽ സർക്കാർ ഒരു തരത്തിലുള്ള കരിമണൽ ഖനനവും നടത്തിയിട്ടില്ലെന്നും മന്ത്രി സജി ചെറിയാൻ പറഞ്ഞു. അവിടെ വെള്ളപ്പൊക്കത്തിന് കാരണം മണൽ വാരാത്തതാണെന്ന് 2018ലെ പ്രളയത്തിന് ശേഷം നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മണൽ വാരാൻ തീരുമാനിച്ചത്. അത് ഖനനമല്ല. മണൽ വാരിയശേഷം ഇതുവരെ ആലപ്പുഴയിൽ വെള്ളം കയറിയിട്ടില്ല. പൊഴിയിൽ നിന്നല്ലാതെ വേറെ എവിടെയെങ്കിലും നിന്ന് ഒരു തരി കരിമണൽ വാരിയതായി തെളിയിക്കാൻ ഇതുസംബന്ധിച്ച് ഉപചോദ്യം ഉന്നയിച്ച പ്രതിപക്ഷാംഗമായ തിരുവഞ്ചൂർ രാധാകൃഷ്ണനെ മന്ത്രി സജി ചെറിയാൻ വെല്ലുവിളിച്ചു.

## മത്സ്യത്തൊഴിലാളി ഇൻഷുറൻസ് അനുബന്ധ തൊഴിലാളികൾക്കും



തിരുവനന്തപുരം: മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പദ്ധതി അനുബന്ധ തൊഴിലാളികൾക്കും ബാധകമാക്കുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മത്സ്യബന്ധനത്തിനിടെ അപകടത്തിൽ മരിക്കുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് അഞ്ച് ലക്ഷം രൂപയുമാണ് നൽകുന്നത്. ഇതിനുള്ള പ്രീമിയം സർക്കാരാണ് അടയ്ക്കുന്നത്. മത്സ്യത്തൊഴിലാളി അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന പീലിങ് തൊഴിലാളികൾ അടക്കമുള്ളവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുമെന്നും അദ്ദേഹം ചോദ്യോത്തരവേളയിൽ പറഞ്ഞു.

2021 22ൽ 107 പേർക്ക് 10. 76 കോടിയും 202223ൽ 92 പേർക്ക് 9.73 കോടിയും ഇൻഷുറൻസ് ഇനത്തിൽ വിതരണം ചെയ്തു. 2022 23ൽ ആകെ 2.40 ലക്ഷം പേർക്കായി 13.66 കോടിയുടെ സഹായവും 2023 24ൽ 2.36 ലക്ഷം പേർക്കായി 11.99 കോടിയും വിതരണം ചെയ്തു. മത്സ്യബന്ധനത്തിനിടെ ഹൃദയാഘാതത്തെ തുടർന്ന് തൊഴിലാളി മരിക്കാനിടയായാൽ അത് സ്വാഭാവിക മരണമായി കാണുന്നതിനാൽ തുക നൽകാൻ ഇൻഷുറൻസ് കമ്പനികൾ തയ്യാറല്ല. ഈ സാഹചര്യത്തിൽ അങ്ങനെ മരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് പ്രത്യേക സഹായമായി അഞ്ച് ലക്ഷം രൂപ സർക്കാർ നൽകുമെന്നും മന്ത്രി അറിയിച്ചു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസിന് അർഹതയുണ്ട്. റോഡിലും സൈക്കിളിലും മറ്റുമായി മത്സ്യക്കച്ചവടം നടത്തുന്നവരെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തും.

മത്സ്യത്തൊഴിലാളികൾക്കായുള്ള പുനർഗേഹം ഭവനപദ്ധതിയിൽ ഇതുവരെ 2836 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. 1366 വീടുകൾ നിർമ്മാണഘട്ടത്തിലാണെന്നും മന്ത്രി അറിയിച്ചു.

## മണൽഖനനം: കേന്ദ്ര നടപടിയെ പ്രതിപക്ഷവുമായി ചേർന്ന് എതിർക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: കടൽത്തീരങ്ങളിലെ മണൽഖനനത്തിന് അനുമതി നൽകിയ കേന്ദ്ര സർക്കാർ തീരുമാനത്തെ ഒന്നിച്ച് എങ്ങനെ എതിർക്കാമെന്ന കാര്യം പ്രതിപക്ഷ നേതാവുമായി ചർച്ച ചെയ്തു തീരുമാനിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

കേരളം, ഗുജറാത്ത്, ആൻഡമാൻ ദ്വീപുകളുടെ തീരത്തു നിന്ന് മണലും ധാതുക്കളും ഖനനം ചെയ്യാൻ സ്വകാര്യ കന്പനികളിൽ നിന്ന് കേന്ദ്ര സർക്കാർ ടെൻഡർ ക്ഷണിച്ചിരിക്കുകയാണെന്നും കേന്ദ്ര നിലപാടിനെതിരേ സംസ്ഥാന സർക്കാർ രംഗത്തു വരണമെന്നും ആവശ്യപ്പെട്ടുള്ള പ്രതിപക്ഷ നേതാവ് വി. ഡി. സതീശന്റെ സബ്മിഷനു മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. 48.4 മുതൽ 62.5 മീറ്റർ വരെ ആഴത്തിലുള്ള മണൽ നിക്ഷേപം മാറ്റുന്നതോടെ മത്സ്യമേഖലയ്ക്കും തീരപ്രദേശത്തെ പരിസ്ഥിതിക്കും ഗുരുതര ആഘാതമുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.

## തെരഞ്ഞെടുപ്പിന് ശേഷം ഇവിഎമ്മിലെ വിവരങ്ങൾ ഡിലീറ്റ് ചെയ്യരുതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പിന് ശേഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലെ വിവരങ്ങൾ ഡിലീറ്റ് ചെയ്യരുതെന്ന് സുപ്രീംകോടതി. അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റിഫോംസ് ഹരിയാനയും ഏതാനും കോൺഗ്രസ് നേതാക്കളും സമർപ്പിച്ച ഹർജി പരിഗണിക്കവേയാണ് ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്നയടങ്ങിയ ബെഞ്ചിന്റെ നിർദേശം.

തെരഞ്ഞെടുപ്പ് അവസാനിച്ചതിന് ശേഷം വോട്ടിംഗ് യന്ത്രങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും തെരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി ചോദിച്ചു.

തെരഞ്ഞെടുപ്പിന് ശേഷം ഇവിഎം മെമ്മറിയും മൈക്രോ കൺട്രോളറുകളും തിരിച്ചെടുക്കാൻ കഴിയാത്ത വണ്ണം മറ്റൊരു പ്രോഗ്രാം ഡിസ്ക്കിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ കമ്മീഷൻ നൽകണമെന്നും ബെഞ്ച് നിർദേശിച്ചിട്ടുണ്ട്.

തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട സ്ഥാനാർഥിക്ക് വ്യക്തത ആവശ്യമാണെങ്കിൽ അത് നൽകേണ്ടതുണ്ടെന്നും ക്രമക്കേട് നടന്നിട്ടില്ലെന്ന് എൻജിനീയർ വ്യക്തമാക്കണമെന്നും ചീഫ് ജസ്റ്റീസ് പറഞ്ഞു. ഹർജിയിൽ മാർച്ച് മൂന്നിന് അടുത്ത വാദം കേൾക്കും.

## ആർസി ബുക്കുകൾ ഡിജിറ്റലാക്കുന്നു; ഫോൺ നമ്പർ അപ്ഡേറ്റ് ചെയ്യണമെന്ന് ഗതാഗത കമ്മീഷണർ

തിരുവനന്തപുരം: സംസ്ഥാനത്ത് മാർച്ച് ഒന്ന് മുതൽ വാഹനങ്ങളുടെ ആർസി ബുക്കുകൾ പൂർണമായും ഡിജിറ്റലാക്കുന്നു. ആർസി ബുക്കുകൾ പ്രിൻറ് എടുത്ത് നൽകുന്നതിന് പകരമാണ് ഡിജിറ്റലായി നൽകുന്നത്. വാഹനം വാങ്ങി മണിക്കൂറുകൾക്കുള്ളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കി വാഹൻ വെബ്സൈറ്റിൽ നിന്നും ആർസി ബുക്ക് ഡൗൺലോഡ് ചെയ്യാനാകും. മാർച്ച് ഒന്ന് മുതൽ ആർസി ബുക്കുകൾ ഡിജിറ്റലാകുന്നതിന് മുന്നോടിയായി പ്രത്യേക നിർദേശങ്ങളും ഗതാഗത വകുപ്പ് നൽകുന്നുണ്ട്. ഫെബ്രുവരിയിൽ തന്നെ എല്ലാ വാഹന ഉടമകളും ആർസി ബുക്കുമായി ഫോൺ നമ്പറുകൾ ബന്ധിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്ന് ഗതാഗത കമ്മീഷണർ എച്ച്. നാഗരാജു പറഞ്ഞു. ആധാറുമായി ലിങ്ക് ചെയ്തിരിക്കുന്ന ഫോൺ നമ്പറുകളാണ് നൽകേണ്ടതെന്നും ഓൺലൈൻ വഴി സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ നമ്പറുകൾ അപ്ഡേറ്റ് ചെയ്യാമെന്നും ഗതാഗത കമ്മീഷണർ അറിയിച്ചു. നിലവിൽ ഡിജിറ്റലായിട്ടാണ് ലൈസൻസ് നൽകുന്നത്. നേരത്തെ ലൈസൻസ് പ്രിൻറ് ചെയ്ത് തപാലിൽ അയച്ചിരുന്നു. ഇതൊഴിവാക്കിയാണ് ലൈസൻസ് ഡിജിറ്റലാക്കിയത്. ലൈസൻസ് ഡിജിറ്റലാക്കിയെങ്കിലും ആർസി ബുക്ക് പ്രിൻറ് ചെയ്ത് നൽകിയിരുന്നു.

## വേനൽച്ചൂട്: സംസ്ഥാനത്ത് ജോലി സമയത്തിൽ പുനക്രമീകരണം

സംസ്ഥാനത്ത് പകൽ താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയം മെയ് 10 വരെ പുനക്രമീകരിച്ചു. സൂര്യാഘാത സാധ്യത കണക്കിലെടുത്താണ് തീരുമാനം.

രാവിലെ 7 മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്തിൽ എട്ട് മണിക്കൂറായി ജോലി സമയം നിജപ്പെടുത്തി. പകൽ സമയം ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഉച്ചയ്ക്ക് 12 മുതൽ വൈകുന്നേരം 3 മണി വരെ വിശ്രമവേളയായിരിക്കും. ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഷിഫ്റ്റുകൾ ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കുന്ന തരത്തിലും വൈകുന്നേരം 3 മണിക്ക് ആരംഭിക്കുന്ന തരത്തിലുമാണ് പുനക്രമീകരണമെന്ന് ലേബർ കമ്മിഷണർ സഫ്ന നസറുദ്ദീൻ അറിയിച്ചു. ജില്ലാ ലേബർ ഓഫീസർ, ഡെപ്യൂട്ടി ലേബർ ഓഫീസർ, അസി ലേബർ ഓഫീസർ എന്നിവരുടെ മേൽ നോട്ടത്തിൽ പ്രത്യേക ടീമുകൾ രൂപീകരിച്ചു ദൈനംദിന പരിശോധന നടത്തും. കൺസ്ട്രക്ഷൻ, റോഡ് നിർമാണ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകി പരിശോധന ഉറപ്പാക്കുമെന്നും കമ്മിഷണർ അറിയിച്ചു.



# പട്ടികവർഗ മേഖലയിലെ വനിതകൾക്ക് സംരംഭകത്വവികസനം: കുടുംബശ്രീ 'കെ-ടിക്' പദ്ധതിയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തിയായി

## കുബേറ്റർമാർക്കുള്ള ആദ്യ ഘട്ട പരിശീലനം 14 ന്

### പരിശീലനം നൽകുന്നത് കുടുംബശ്രീ ട്രൈബൽ എൻറർപ്രൈസ് ആൻഡ് ഇന്നവേഷൻ സെൻറർ-കെടിക് പദ്ധതി വഴി

തിരുവനന്തപുരം: പട്ടികവർഗ മേഖലയിലെ ജനവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിച്ചു കൊണ്ട് നൂതനമായ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്ന കുടുംബശ്രീ ട്രൈബൽ എൻറർപ്രൈസ് ആൻഡ് ഇന്നവേഷൻ സെൻറർ-കെടിക് പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തിയായി.

14 ജില്ലകൾ കൂടാതെ പാലക്കാട് അട്ടപ്പാടി, വയനാട് ജില്ലയിലെ തിരുനെല്ലി എന്നിവിടങ്ങളിൽ നിന്നായി ആകെ എണ്ണൂറോളം പേരാണ് ഗുണഭോക്തൃ പട്ടികയിലുള്ളത്. ഇവർക്ക് സംരംഭകത്വ വികസന പരിശീലനം നൽകുന്നതിനായി 36 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇൻകുബേറ്റർമാർ എന്നറിയപ്പെടുന്ന ഇവർക്കുള്ള പരിശീലനം ഈ മാസം 14ന് ആരംഭിക്കും.



*കുടുംബശ്രീ 'കെ-ടിക്' പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല ശിൽപശാലയിൽ പങ്കെടുത്തവർ*

ഇതിന് മുന്നോടിയായി ഇൻകുബേറ്റർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ പ്രോജക്ട് കോർഡിനേറ്റർമാർ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർമാർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാർ എന്നിവർക്കായി സംസ്ഥാനതല ശിൽപശാല തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.

പട്ടികവർഗ മേഖലയിലെ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും ഈ മേഖലയിൽ പ്രഫഷണലിസം കൈവരിക്കുന്നതിനും സഹായകമായ രീതിയിലാണ് പരിശീലന പരിപാടിയുടെ ആസൂത്രണം.

വിവിധ ഘട്ടങ്ങളിലായി ഒന്നര വർഷം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയിൽ ആദ്യത്തേതാണ് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സംഘടിപ്പിക്കുക. ഓരോ ജില്ലയിലും 50 പേർ വീതമുള്ള ബാച്ചുകളായിരിക്കും ഉണ്ടാവുക.

പരിശീലന കാലയളവിൽ സൂക്ഷ്മസംരംഭങ്ങളുടെ പ്രവർത്തനരീതിയും ഉൽപന്ന വിപണനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നേരിൽ കണ്ടു മനസിലാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ഫീൽഡ് സന്ദർശനവും ഉണ്ടാകും.

ഇതിനായി കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കാർഷിക മൃഗസംരക്ഷണം, എസ്.വി.ഇ.പി, സൂക്ഷ്മസംരംഭങ്ങൾ എന്നീ പദ്ധതികളുടെ ജില്ലാപ്രോഗ്രാം മാനേജർമാർ, സാമൂഹ്യ വികസന പദ്ധതികളുടെ കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ പിന്തുണയും ലഭിക്കും.

സംസ്ഥാനതല ശിൽപശാലയിൽ കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.ബി.ശ്രീജിത്ത്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാർ, സ്റ്റേറ്റ് അസിസ്റ്റൻറ് പ്രോഗ്രാം മാനേജർമാർ, കെ-ടിക് റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു.

പബ്ളിക് റിലേഷൻസ് ഓഫീസർ

## സ്വകാര്യ സർവകലാശാല: ഡിഗ്രി മുതൽ പിഎച്ച്ഡി വരെ കോഴ്സുകൾ

തിരുവനന്തപുരം: മന്ത്രിസഭ അംഗീകാരം നല്കിയ സ്വകാര്യ സർവകലാശാല കരട് ബില്ലിൽ കോളജുകൾ, വിദ്യാർഥികൾക്കു താമസിക്കാനുള്ള റസിഡൻഷൽ കാമ്പസ്, ഷോപ്പിംഗ് മാളുകൾ, സെമിനാറിനുള്ള വേദികൾ എന്നിവയുൾപ്പെട്ട ടൗൺഷിപ്പായിട്ടാണു സർവകലാശാലകളെ വിഭാവനം ചെയ്തിരിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ അനുഭവപരിചയമുള്ള സ്വകാര്യ സ്ഥാപനങ്ങൾക്കാണു സർവകലാശാല ആരംഭിക്കാൻ അനുമതി നൽകുക. സർക്കാർ ഏജൻസികൾ നിർദേശിക്കുന്ന യോഗ്യതയുള്ള അധ്യാപകരെ മാത്രമേ നിയമിക്കാവൂ. മെഡിക്കൽ, എൻജിനിയറിംഗ്, ആർട്സ് ഉൾപ്പെടെ എല്ലാ വിഷയങ്ങളിലും ഡിഗ്രി മുതൽ പിഎച്ച്ഡി വരെയുള്ള കോഴ്സുകൾ നടത്താം. സർക്കാർ, സ്വകാര്യ മേഖലയിലെ സർവകലാശാലകൾക്കു സഹകരിച്ചു പ്രവർത്തിക്കുന്നതിനു തടസമില്ല. സർവകലാശാല സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന അപേക്ഷയിൽ വിദ്യാഭ്യാസ വിചക്ഷണൻ അധ്യക്ഷനായ ആറംഗ സമിതി അനുമതിക്കാര്യത്തിൽ തീരുമാനമെടുക്കും. ഓരോ സർവകലാശാലയുടെയും തീരുമാനമെടുക്കുന്നതിനുള്ള കൂടിയാലോചനാ സമിതിയിൽ അതതു ജില്ലാ കളക്ടർ അനൗദ്യോഗിക അംഗമായിരിക്കും.

## ഒന്നാം ക്ലാസ് പ്രവേശനപരീക്ഷ നടത്തിയാൽ കർശന നടപടിയെന്ന് വിദ്യാഭ്യാസ മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നാം ക്ലാസ് പ്രവേശനത്തിന് കുട്ടികൾക്കായി പരീക്ഷയും അഭിമുഖവും നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്നു പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. ഇത്തരത്തിൽ പ്രവേശന പരീക്ഷ നടത്തുന്നത് ബാലപീഡനമാണ്.

ന്നാം ക്ലാസ് പ്രവേശനത്തിന് വിദ്യാർഥികളെയോ രക്ഷകർത്താക്കളേയോ അഭിമുഖം നടത്താൻ പാടില്ലെന്നും ഇത്തരം സംഭവമുണ്ടായാൽ കർശന നടപടി എടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

വിവിധ പേരിലുള്ള ഫീസുകളും അധ്യാപകരുടെ ജന്മദിനം പോലുള്ള ദിവസങ്ങളിലും ചില വിദ്യാലയങ്ങളിൽ സമ്മാനങ്ങൾ നൽകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം കേന്ദ്ര സർക്കാർ ഒന്നാം ക്ലാസിൽ വിദ്യാർഥി പ്രവേശനത്തിനായി ആറു വയസാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാന സർക്കാർ ഒന്നാം ക്ലാസിൽ കുട്ടികൾക്ക് പ്രവേശനത്തിനായി അഞ്ചു വയസാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് പരിശോധിച്ച് സംസ്ഥാനം ഏത് മാർഗം സ്വീകരിക്കണമെന്ന് ഉടൻ തീരുമാനമെടുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## പാമ്പ് കടിയേറ്റുള്ള മരണത്തിന് നാല് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് സർക്കാർ

തിരുവനന്തപുരം: മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് സഹായം അനുവദിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾക്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി അന്തിമരൂപം നൽകി. ചീഫ് സെക്രട്ടറി ശാരദ മുരളീധരന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

പാമ്പ് കടിയേറ്റുള്ള മരണം പുതുക്കിയ മാനദണ്ഡപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. പാമ്പ് കടിയേറ്റുള്ള മരണത്തിന് നാല് ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് നൽകും.

വന്യമൃഗ സംഘർഷത്തെ പ്രതിരോധിക്കുന്നതിനിടയിൽ കിണറുകൾ, വളപ്പിലെ മതിൽ, വേലികൾ, ഉണക്കുന്ന അറകൾ, എംഎസ്എംഇ യൂണിറ്റുകൾ തുടങ്ങിയ ആസ്തികൾക്ക് നാശനഷ്ടം സംഭവിച്ചാൽ പരമാവധി ഒരു ലക്ഷം രൂപ എസ്ഡിആർഎഫിൽ നിന്ന് അനുവദിക്കാനും തീരുമാനമായി.

സംസ്ഥാനത്തെ വന്യമൃഗ ആക്രമണങ്ങളുടെ തീവ്രത കണക്കിലെടുത്ത് മനുഷ്യ-വന്യജീവി സംഘർഷം പ്രത്യേക ദുരന്തമായി പ്രഖ്യാപിക്കാൻ കഴിഞ്ഞ വർഷം മാർച്ചിൽ സർക്കാർ തീരുമാനിച്ചിരുന്നു. മനുഷ്യ-മൃഗ സംഘട്ടനങ്ങൾ പ്രതിരോധിക്കുന്നത് ആസൂത്രണം ചെയ്യുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി ഉന്നത ഉദ്യോഗസ്ഥരുടെ സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്.

## നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണം വേണമെന്ന് കുടുംബം, കേസ് വിധി പറയാൻ മാറ്റി

കൊച്ചി: കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി വിധിപറയാൻ മാറ്റി. നവീൻ ബാബുവിന്റെ ഭാര്യ കെ. മഞ്ജുഷ നൽകിയ അപ്പീലിൽ വീണ്ടും വാദം കേട്ട ശേഷമാണ് ഡിവിഷൻ ബെഞ്ച് ഹർജി വിധി പറയാനായി മാറ്റിയത്.

കേസ് ഡയറി ഹാജരാക്കാൻ പോലീസിനോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. സിബിഐ അന്വേഷണമില്ലെങ്കിൽ ക്രൈംബ്രാഞ്ച് അന്വേഷണമെങ്കിലും വേണമെന്ന് കുടുംബത്തിനായി നേരത്തെ ഹാജരായ അഭിഭാഷകൻ കഴിഞ്ഞ ദിവസം കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ സിബിഐ അന്വേഷണമെന്ന നിലപാടിൽ നിന്ന് പിന്നോട്ടില്ലെന്നും ക്രൈംബ്രാഞ്ച് അന്വേഷണം തങ്ങൾ ആവശ്യപ്പെട്ടിട്ടില്ലെന്നും ഭാര്യ മഞ്ജുഷ അടക്കമുള്ളവർ നിലപാടെടുത്തു. ഇതിനുപിന്നാലെയാണ് ആദ്യം ഹാജരായ അഭിഭാഷകനെ നീക്കി അഡ്വ. കെ. രാംകുമാറിനെ കേസ് ഏൽപ്പിച്ചത്.

നവീൻ ബാബുവിനെ കൊന്നു കെട്ടിത്തൂക്കിയതാണെന്ന് കരുതുന്നുവെന്നും സംസ്ഥാന പോലീസ് അന്വേഷണത്തിൽ നീതി ലഭിക്കുമെന്ന് പ്രതീക്ഷയില്ലെന്നും കുടുംബം കോടതിയെ അറിയിച്ചു.

## വന്യജീവി ആക്രമണങ്ങളെ സർക്കാർ നിസാരവത്കരിക്കുന്നെന്ന് ഷംസുദ്ദീൻ; പരാമർശം ഖേദകരമെന്ന് മന്ത്രി

തിരുവനന്തപുരം: വന്യജീവി ആക്രമണങ്ങളെ സർക്കാർ നിസാരവത്കരിക്കുന്നെന്ന് മണ്ണാർക്കാട് എംഎൽഎ എൻ. ഷംസുദ്ദീൻ. വയനാട്ടിൽ സ്ത്രീയെ കടുവ വലിച്ചുകൊണ്ടുപോയി ഭക്ഷിക്കുന്ന ദാരുണസംഭവം ഉണ്ടായി. കടുവയുടെ സാന്നിധ്യം കണ്ടെത്താൻ വനംവകുപ്പിന് എന്തുകൊണ്ട് കഴിഞ്ഞില്ലെന്ന് എംഎൽഎ നിയമസഭയിൽ ചോദിച്ചു. വനംവകുപ്പിന്റെ കാമറയിൽ ഇത് കാണാൻ കഴിഞ്ഞില്ലേയെന്നും എംഎൽഎ ചോദ്യം ഉന്നയിച്ചു. എന്നാൽ വന്യജീവി ആക്രമണങ്ങളെ സർക്കാർ നിസാരമായി കാണുന്നെന്ന പരാമർശം ഖേദകരമാണെന്ന് മന്ത്രി മറുപടി പറഞ്ഞു.കാമറയുടെ പരിധിയിലുള്ള വന്യമൃഗങ്ങളെ മാത്രമേ ഇതിലൂടെ നിരീക്ഷിക്കാനാവൂ. മുഴുവൻ കാടിനെയും കാമറയുടെ നിരീക്ഷണത്തിൽ പെടുത്താൻ കഴിയില്ല. ഉൾക്കാടുകളിൽ നിയന്ത്രണം ശക്തമാക്കുമെന്ന് മന്ത്രി പറഞ്ഞു.

## ഇൻസ്റ്റഗ്രാം വഴി പരിചയപ്പെട്ട യുവതിയെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചയാൾ പിടിയിൽ

ഒല്ലൂർ: യുവതിക്ക് വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുകയും ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി പണം തട്ടുകയും ചെയ്ത യുവാവിനെ ഒല്ലൂർ പോലീസ് പിടികൂടി. പത്തനംതിട്ട പെരുംപെട്ടി സ്വദേശി കെവിൻ തോമസി(22) നെയാണ് ഇൻസ്പെക്ടർ പി. എം. വിമോദും സംഘവും അറസ്റ്റ് ചെയ്തത്. പരാതിക്കാരിയായ യുവതിയെ ഇൻസ്റ്റാഗ്രാം വഴിയാണ് കെവിനെ പരിചയപ്പെടുന്നത്.

പിന്നീട് പ്രണയം നടിച്ച് വിവാഹം കഴിക്കാമെന്ന് പറഞ്ഞു. യുവതി അറിയാതെ സ്വകാര്യ ദൃശ്യങ്ങൾ മൊബൈലിൽ പകർത്തുകയും ഇവ സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി പണം തട്ടുകയുമായിരുന്നു. പ്രതി തുടർച്ചയായി പണം ആവശ്യപ്പെട്ടതോടെ യുവതി ഒല്ലൂർ സ്റ്റേഷനിൽ പരാതിപ്പെടുകയും പോലീസ് ഉടനെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും പ്രതിയെ എറണാകുളം പള്ളിമുക്കിൽ നിന്നും പിടികൂടുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വിജിലൻസ് റെയ്ഡ്: രജിസ്ട്രേഷൻ വകുപ്പിലെ ഡിഐജിഉൾപ്പെടെ ആറ് ഉദ്യോഗസ്ഥർ പിടിയിൽ

തൃശൂർ: വിജിലൻസിന്റെ മിന്നൽപരിശോധയിൽ രജിസ്ട്രേഷൻ വകുപ്പിലെ നോർത്ത് സെൻട്രൽ സോൺ ഡിഐജി അടക്കം ആറ് ഓഫീസർമാരെ തൃശൂരിലെ സ്വകാര്യ ബാർ ഹോട്ടലിൽനിന്നു കസ്റ്റഡിയിലെടുത്തു. പ്രതിമാസ കോൺഫറൻസിന്റെ പേരിൽ ഒത്തുകൂടി പണപ്പിരിവു നടത്തി ഡ്യൂട്ടിസമയത്തു മദ്യപിച്ചുവെന്ന പരാതിയിലായിരുന്നു വിജിലൻസ് റെയ്ഡ്. ഇവരിൽനിന്നു കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത 33,050 രൂപ പിടിച്ചെടുത്തു. ഉത്തര, മധ്യമേഖല ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ രജിസ്ട്രേഷൻ ഓഫീസർ എം. സി. സാബു, സബ് രജിസ്ട്രാർമാരായ കെ. ജി. രാജേഷ്, കെ. രാജേഷ്, എം. ആർ. ജയപ്രകാശ്, പി. ഒ. അക്ബർ, സി. ആർ. രജീഷ് എന്നിവരാണു പിടിയിലായത്.

## സാമൂഹിക വിപത്തിലേക്ക് സഭയുടെ ശ്രദ്ധ കൊണ്ടുവന്നു; പ്രതിപക്ഷത്തെ അഭിനന്ദിച്ച് എക്സൈസ് മന്ത്രി

തിരുവനന്തപുരം: ലഹരി വ്യാപനം സംബന്ധിച്ച അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷത്തെ അഭിനന്ദിച്ച് എക്സൈസ് മന്ത്രി എം. ബി. രാജേഷ്. സാമൂഹിക വിപത്തിലേക്ക് സഭയുടെ ശ്രദ്ധ കൊണ്ടുവന്ന പ്രതിപക്ഷത്തെ അഭിനന്ദിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ ലഹരി വ്യാപനം സംബന്ധിച്ച അടിയന്തരപ്രമേയത്തിൽ നിയമസഭയിൽ മറുപടി പറയുകയായിരുന്നു മന്ത്രി. ലഹരിയുടെ വ്യാപനം കേരളത്തിലുണ്ട്. എന്നാൽ അത് ഇവിടെ മാത്രമുള്ള പ്രശ്നമല്ല. പ്രതിപക്ഷ നേതാവ് പറഞ്ഞപോലെ കേരളം ലഹരിയുടെ കേന്ദ്രമല്ലെന്നും മന്ത്രി വിശദീകരിച്ചു.

ലഹരിക്കെതിരേ 9337 ബോധവത്കരണ പരിപാടികൾ എക്സൈസ് വകുപ്പ് മാത്രം നടത്തിയിട്ടുണ്ട്. ലഹരി വ്യാപനം സംബന്ധിച്ച് രണ്ട് പഠനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

അതേസമയം കേരളത്തിലെ യുവത്വം ലഹരിയുടെ മയക്കത്തിലാണെന്നും സർക്കാർ എന്താണ് ചെയ്യുന്നതെന്നും പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ചോദിച്ചിരുന്നു. കഞ്ചാവിന്റെ കാലം പോയി. സംസ്ഥാനത്ത് രാസലഹരികൾ ഒഴുകുകയാണ്. വൃത്തിയുള്ള ഒരു ഇൻറലിജൻസ് സംവിധാനം പോലും എക്സൈസിനില്ലെന്നും സതീശൻ വിമർശിച്ചു.

## ബ്ലോക്ക് ഓഫീസ് തകർത്ത സംഭവത്തിൽ ദുരൂഹത

പാറശാല: ബ്ലോക്ക് ഓഫീസ് തകർത്ത സംഭവത്തിൽ ദുരൂഹത ഉണ്ടെന്ന് പ്രതിപക്ഷ പാർട്ടികൾ. ഓഫിസിനുള്ളിലും പുറത്തും ഒട്ടേറെ കാമറകൾ ഉള്ള സ്ഥലത്ത് സിസിടിവിയുടെ പ്രവർത്തനം ദിവസങ്ങൾക്ക് മുൻപ് നിലച്ചതാണ് സംശയങ്ങൾക്ക് ആക്കം കൂട്ടുന്നത്. വിശാലമായ കോൺഫറൻസ് ഹാളിലെ സീലിംഗ് തകർത്തതും വാഹനത്തിന്റെ ഗ്ലാസ് പൊട്ടിക്കുന്നതും പുറത്ത് കേൾക്കാത്തത് സംഭവത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. കാറിന്റെ മുൻ വശത്തെ ഗ്ലാസ് തകർക്കാതെ വശങ്ങളിലെ ഗ്ലാസ് തകർത്ത ശേഷം കോൺഫറൻസ് ഹാളിലെ സൗണ്ട് ബോക്സ്, മൈക്ക്, കുറെ ഫയലുകൾ എന്നിവ അകത്ത് നിക്ഷേപിച്ചിട്ടുണ്ട്.ഹാളിലെ സീലിംഗ് തകർക്കാൻ ശ്രമിച്ച കൊടിചുറ്റിയ കമ്പി ഓഫിസിനുള്ളിൽ നിന്ന് പൊലീസ് കണ്ടെത്തി. ശാസ്ത്രീയ പരിശോധനയ്ക്ക് എത്തിയ തെരുവ്നായ ആർടി ഓഫീസിനു പിന്നിൽ കൂടെ ബ്ലോക്ക് ഓഫീസിൽ കടന്ന ശേഷം മുൻവശത്തെ ഗേറ്റ് വഴി പാറശാല ജംഗ്ഷനിൽ എത്തിനിന്നു. പാറശാല പോലീസ് അന്വേഷണം തുടങ്ങി. 25 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നതായി ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചു. അക്രമത്തിനു പിന്നിൽ മോഷണ സാധ്യതയും സാമൂഹിക വിരുദ്ധ ആക്രമണവും പൊലീസ് തള്ളിക്കളയുന്നു. അക്രമത്തിനുകൂടുതൽ പേർ പങ്കെടുത്തിട്ടുണ്ടോ എന്നതും അന്വേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ വിവിധ പദ്ധതികളിൽ അഴിമതി ഉണ്ടെന്ന പരാതികൾ നിലനിൽക്കേ തുടർ അന്വേഷണം അട്ടിമറിക്കാൻ ഉള്ള നീക്കമാണ് അക്രമത്തിനു പിന്നിൽ പ്രതിപക്ഷ കക്ഷികൾ ആരോപിച്ചു.

## വയോജന സംഗമം സംഘടിപ്പിച്ചു

പാറശാല ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി വയോജന സംഗമം സംഘടിപ്പിച്ചു. വലിയവിള ക്രിസ്തുരാജ പാരിഷ് ഹാളിൽ നടന്ന പരിപാടി നെയ്യാറ്റിൻകര മുൻ സിപ്പാലിറ്റി ചെയർമാൻ പി.കെ. രാജ്മോഹനൻ ഉദ്ഘാടനം ചെയ്തു.മുതിർന്ന പൗരന്മാരെ സംരക്ഷിക്കേണ്ട ചുമതല മക്കൾക്കാണെന്ന് കോടതികൾ ഉത്തരവിട്ടു തീർപ്പാക്കേണ്ട കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വയോജന സംരക്ഷണത്തിനായി ഒരുപാട് നിയമങ്ങളുണ്ടെന്നും പാലിയേറ്റീവ് രംഗത്ത് വൻ മാറ്റങ്ങളാണ് സംസ്ഥാനത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ ആയുർദൈർഘ്യം വർധിപ്പിക്കാൻ ആരോഗ്യ മേഖലയിലെ പുരോഗതി സഹായകരമായതായും അദ്ദേഹം അഭിപ്രായപ്പെട്ടു.പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. കെ. ബെൻഡാർവിൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ കുളത്തൂർ പഞ്ചായത്തിലെ വയോമിത്രം യൂണിറ്റുകളിലെ മുതിർന്ന പൗരന്മാരെ ചടങ്ങിൽ ആദരിച്ചു.

പാറശാല ബ്ലോക്ക് പഞ്ചായത്തിലേയും കുളത്തൂർ ഗ്രാമ പഞ്ചായത്തിലേയും ജനപ്രതിനിധികളും വയോജനങ്ങളും ചടങ്ങിൽ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ നേതൃത്വത്തിൽ വയോധികർക്ക് സൗജന്യമായി വൈദ്യപരിശോധന നടത്തി മരുന്നുകൾ നൽകി.

## വിവിധ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു

കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മാധ്യമപഠനത്തിൽ പിജി ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ, ഡിപ്ലോമ എന്നീ കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.

പ്ലസ് ടു, ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഫെബ്രുവരി 15 വരെയാണ് അപേക്ഷകൾ സമർപ്പിക്കാനുള്ള കാലാവധി. തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ കെൽട്രോൺ സെന്ററുകളിലാണ് പുതിയ ബാച്ചുകൾ ആരംഭിക്കുന്നത്.

പ്രിന്റ് മീഡിയ, ടെലിവിഷൻ, ഡിജിറ്റൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേർണലിസം, വാർത്ത അവതരണം, ആങ്കറിംഗ്, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ്, ഇൻഫോപ്രെണർഷിപ്പ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും.ഇന്റേൺഷിപ്പ്, മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം, പ്ലേസ്മെന്റ് സപ്പോർട്ട് എന്നിവ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും.

താത്പര്യമുള്ളവർ വിദ്യാഭ്യാസ രേഖകൾ സഹിതം തിരുവനന്തപുരം വഴുതക്കാട്ടെ കെൽട്രോൺ നോളജ് സെന്ററിൽ ബന്ധപ്പെടുക. ഫോൺ : 9544958182 .

# ഡീപ്സീക്ക് വിവരങ്ങൾ ചോർത്തും; മുന്നറിയിപ്പുമായി ദക്ഷിണകൊറിയ

സീയൂൾ: ചൈനയിലെ അദ്ഭുത നിർമിതബുദ്ധി ആപ്പായ ഡീപ്സീക്ക് വ്യാപകമായ തോതിൽ വ്യക്തിഗത വിവരങ്ങൽ ചോർത്തുന്നതായി ദക്ഷിണകൊറിയൻ ചാരസംഘടനയായ നാഷണൽ ഇൻറലിജൻസ് സർവീസ് (എൻഐഎസ്) മുന്നറിയിപ്പു നല്കി.

ഡീപ്സീക്ക് ഉപയോഗിക്കുന്പോൾ മുൻകരുതൽ പാലിക്കണമെന്നു സർക്കാർ ഏജൻസികൾക്ക് എൻഐഎസ് നിർദേശം നല്കി. കൊറിയയിലെ ചില സർക്കാർ മന്ത്രാലയങ്ങളിൽ ഡീപ്സീക്കിനു നേരത്തേതന്നെ നിരോധനമുണ്ട്.

ഡീപ്സീക്ക് ശേഖരിക്കുന്ന വ്യക്തിഗത വിവരങ്ങൾ പരസ്യദാതാക്കൾക്കു പരിധിയില്ലാതെ കൈമാറുന്നു. ദക്ഷിണകൊറിയയിൽനിന്നു ശേഖരിക്കുന്ന വിവരങ്ങൾ ചൈനയിലെ സെർവറിലാണു സൂക്ഷിക്കുന്നതെന്നും എൻഐഎസ് കണ്ടെത്തി. ചൈനയിലെ നിയമം അനുസരിച്ച് സർക്കാർ ആവശ്യപ്പെട്ടാൽ വിവരങ്ങൾ കൈമാറാൻ ഡീപ്സീക്കിനു ബാധ്യതയുണ്ട്.

ടിയാനൻമെൻ കൂട്ടക്കൊല പോലെയുള്ള വിഷയങ്ങളെക്കുറിച്ചു ചോദിച്ചാൽ ഡീപ്സീക്ക് വിഷയം മാറ്റുന്നതായി നേരത്തേ കണ്ടെത്തിയിരുന്നു. ഒരേ ചോദ്യം വ്യത്യസ്ത ഭാഷകളിൽ ചോദിച്ചാൽ ചോദിക്കുന്നവരുടെ അഭിരുചിക്കനുസരിച്ചുള്ള ഉത്തരങ്ങൾ നല്കുന്നതായും കണ്ടെത്തി.

ചൈനീസ് ഭീഷണി നേരിടുന്ന തായ്‌വാനിലെ സർക്കാർ വകുപ്പുകളിൽ ഡീപ്സീക്കിനു നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങളും ആപ്പിൽ സംശയം പ്രകടിപ്പിച്ചിരുന്നു.

# അന്താരാഷ്ട്ര ക്രിമിനൽ കോടതിക്ക് ഉപരോധം പ്രഖ്യാപിച്ച് ട്രംപ്

വാഷിംഗ്ടൺ ഡിസി: അന്താരാഷ്ട്ര ക്രിമിനൽ കോടതിക്ക് (ഐസിസി) എതിരേ യുഎസ് പ്രസിഡൻറ് ട്രംപ് ഉപരോധം പ്രഖ്യാപിച്ചു. യുഎസിലെയും ഇസ്രയേൽ അടക്കമുള്ള സഖ്യകക്ഷികളിലെയും പൗരന്മാർക്കെതിരേ നടപടി എടുക്കുന്ന ഐസിസി ഉദ്യോഗസ്ഥർ സാന്പത്തിക, യാത്രാ ഉപരോധങ്ങൾ നേരിടേണ്ടിവരുമെന്ന് ട്രംപിന്റെ എക്സിക്യൂട്ടീവ് ഉത്തരവിൽ പറയുന്നു.

ഗാസ യുദ്ധക്കുറ്റങ്ങളുടെ പേരിൽ ഐസിസി അറസ്റ്റ് വാറൻറ് നേരിടുന്ന ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു അമേരിക്കയിലെത്തി ട്രംപിനെ കണ്ടതിനു പിന്നാലെയാണു നടപടി.

ആഗോളതലത്തിൽ അതിക്രമങ്ങൾ നേരിടുന്ന ലക്ഷക്കണക്കിനു നിരപരാധികൾക്കു നീതി ലഭ്യമാക്കാൻ തുടർന്നും പ്രവർത്തിക്കുമെന്നാണ് ഐസിസി പ്രതികരിച്ചിരിക്കുന്നത്. ഐസിസിയിൽ അംഗമായ 125 രാജ്യങ്ങൾ കോടതി ജീവനക്കാർക്കു പിന്തുണ നല്കണമെന്നും ആവശ്യപ്പെട്ടു.

യുദ്ധക്കുറ്റങ്ങൾ, മനുഷ്യരാശിക്കെതിരായ ക്രിമിനൽ കുറ്റങ്ങൾ, വംശഹത്യ, സൈനികാധിനിവേശം തുടങ്ങിയ വിഷയങ്ങളിൽ വ്യക്തികളെ വിചാരണ ചെയ്യാൻ അധികാരമുള്ള ഐസിസി നെതർലൻഡ്സിലെ ഹേഗിലാണു സ്ഥിതി ചെയ്യുന്നത്. അമേരിക്ക, ഇസ്രയേൽ, റഷ്യ തുടങ്ങിയ രാജ്യങ്ങൾ ഐസിസിയിൽ അംഗമല്ല.

ഉപരോധം നേരിടുന്ന ഐസിസി ജീവനക്കാരുടെ പട്ടിക ട്രംപ് ഭരണകൂടം പുറത്തുവിട്ടിട്ടില്ല. ഉപരോധം നിലവിൽ വരുന്പോൾ ഇവരുടെ യുഎസിലെ സ്വത്തുക്കൾ കണ്ടുകെട്ടും. യുഎസിൽ ഇവർക്ക് പ്രവേശനവിലക്കും ഉണ്ടാകും.

ഐസിസിക്കെതിരേ ഉപരോധം ചുമത്തുന്ന നിയമം പാസാക്കാൻ ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടി നേരത്തേ നടത്തിയ ശ്രമങ്ങൾ പ്രതിപക്ഷ ഡെമോക്രാറ്റിക് പാർട്ടിക്കാർ സെനറ്റിൽ പരാജയപ്പെടുത്തിയിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെയാണു ട്രംപ് ഉപരോധങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്.

ഐസിസിക്കു പിന്തുണ പ്രഖ്യാപിച്ചും ട്രംപിനെ അപലപിച്ചും യൂറോപ്യൻ രാജ്യങ്ങൾ രംഗത്തുവന്നു. ഉപരോധങ്ങൾ ഐസിസിയുടെ സ്വതന്ത്ര പ്രവർത്തനത്തിന് ഭീഷണി ഉയർത്തുന്നതായി യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റ പ്രതികരിച്ചു. അതേസമയം, ഹംഗേറിയൻ പ്രധാനമന്ത്രി വിക്തർ ഓർബൻ ട്രംപിനെ അനുകൂലിച്ചു.

ട്രംപിന്റെ ഒന്നാം ഭരണകാലത്ത് അഫ്ഗാനിസ്ഥാനിലെ അമേരിക്കൻ സൈനികരുടെ യുദ്ധക്കുറ്റങ്ങൾ അന്വേഷിച്ചതിന്റെ പേരിൽ ഐസിസിയുടെ മുൻ പ്രോസിക്യൂട്ടർ അടക്കമുള്ളവർക്കെതിരേ ഉപരോധങ്ങൾ ചുമത്തിയിരുന്നു.

# 'ബന്ദികളെയെല്ലാം വിട്ടയച്ചില്ലെങ്കിൽ വെടിനിർത്തൽ കരാർ റദ്ദാക്കും': ഹമാസിന് ട്രംപിന്റെ അന്ത്യശാസനം

വാഷിംഗ്ടൺ ഡിസി: ബന്ദികളെ വിട്ടയയ്ക്കുന്നത് നിർത്തിവയ്ക്കുമെന്നു ഹമാസ് പ്രഖ്യാപിച്ചതിനു പിന്നാലെ അന്ത്യശാസനവുമായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. 15നുള്ളിൽ ഗാസയിൽനിന്ന് മുഴുവൻ ഇസ്രയേലി ബന്ദികളെയും മോചിപ്പിക്കാത്ത പക്ഷം വീണ്ടും ആക്രമണം തുടങ്ങുമെന്നും ഇസ്രയേൽ-ഹമാസ് വെടിനിർത്തൽ റദ്ദാക്കാൻ ആഹ്വാനം ചെയ്യുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി.ജനുവരി 19ന് പ്രാബല്യത്തിൽ വന്ന ആറാഴ്ചത്തെ വെടിനിർത്തൽ കരാറിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടി ബന്ദികളെ ഇനി കൈമാറില്ലെന്നു ഹമാസ് ഭീഷണിപ്പെടുത്തിയിരുന്നു. ഹമാസിന്റെ നീക്കത്തെ ഭയാനകം എന്നാണു ട്രംപ് വിശേഷിപ്പിച്ചത്.

'ശേഷിക്കുന്ന എല്ലാ ബന്ദികളെയും ഹമാസ് മോചിപ്പിക്കണം, നമുക്ക് അവരെയെല്ലാം തിരികെ വേണം. ഞാൻ എന്റെ കാര്യമാണ് പറയുന്നത്. ശനിയാഴ്ച രാത്രി 12 മണിക്ക് അവർ ഇവിടെ ഇല്ലെങ്കിൽ, ഗാസയിൽ വീണ്ടും നരകം സൃഷ്ടിക്കും. ' ഇതായിരുന്നു ട്രംപിന്റെ വാക്കുകൾ.

വെടിനിർത്തലിനുശേഷം യുഎസ് സേനയുടെ സാധ്യത തള്ളിക്കളയുന്നുണ്ടോ എന്ന ചോദ്യത്തിന് എന്ത് സംഭവിക്കുമെന്ന് നമുക്ക് കാണാമെന്നും താൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ഹമാസിന് അറിയാമെന്നുമായിരുന്നു ട്രംപിന്റെ മറുപടി. താൻ നിർദേശിച്ച സമയപരിധിയെക്കുറിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവുമായി സംസാരിക്കുമെന്നും ട്രംപ് പറഞ്ഞു.

ഗാസ വാങ്ങുകയും സ്വന്തമാക്കുകയും ചെയ്യുമെന്നു നേരത്തേ ട്രംപ് പറഞ്ഞിരുന്നു. ഗാസ അമേരിക്ക ഏറ്റെടുത്ത് കഴിഞ്ഞാൽ പലസ്തീൻ ജനതയ്ക്ക് അവിടേക്ക് മടങ്ങാൻ അവകാശമുണ്ടാകില്ലെന്നും ഗാസയിൽനിന്നു മാറ്റിപ്പാർപ്പിക്കുന്ന പലസ്തീനികൾക്ക് അറബ് രാജ്യങ്ങളിൽ മികച്ച പാർപ്പിട സൗകര്യം ഒരുക്കുമെന്നും ട്രംപ് പറഞ്ഞു.

# ട്രംപിന്റെ ഭീഷണി ഫലിച്ചു; ചൈനീസ് പദ്ധതിയിൽനിന്ന് പാനമ പിന്മാറി

ബെയ്ജിംഗ്: ചൈനയുടെ ബെൽറ്റ് ആൻഡ് റോഡ് പദ്ധതിയിൽനിന്നു പാനമ പിന്മാറി. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ സമ്മർദങ്ങളാണുപാനമയുടെ തീരുമാനത്തിനു പിന്നിൽ. പാനമ കനാൽ ബലം പ്രയോഗിച്ചും ഏറ്റെടുക്കുമെന്ന് ട്രംപ് ഭീഷണി മുഴക്കിയിരുന്നു.

ചൈനീസ് പദ്ധതിയിൽനിന്നുള്ള പിന്മാറ്റം പാനമ പ്രസിഡൻറ് ഹൊസെ റൗൾ മുളീനോ വ്യാഴാഴ്ച സ്ഥിരീകരിച്ചിരുന്നു. പാനമയുടെ തീരുമാനം ഖേദകരമാണെന്നു ചൈന പ്രതികരിച്ചു. ബെൽറ്റ് ആൻഡ് റോഡ് പദ്ധതി അട്ടിമറിക്കാൻ യുഎസ് സമ്മർദം പ്രയോഗിക്കുന്നതായും ചൈന ആരോപിച്ചു.

ആഗോളതലത്തിൽ ചൈനീസ് സ്വാധീനം വർധിപ്പിക്കാൻ പ്രസിഡൻറ് ഷി ചിൻപിംഗ് നടപ്പാക്കുന്ന പശ്ചാത്തല വികസന പദ്ധതിയാണ് ബെൽറ്റ് ആൻഡ് റോഡ്. പദ്ധതിയുടെ പേരിൽ വികസ്വര രാജ്യങ്ങൾക്കു വൻ തുക വായ്പ നല്കുന്ന ചൈന കടക്കെണി നയതന്ത്രം പയറ്റുകയാണെന്ന ആരോപണമുണ്ട്.

അമേരിക്കയിലേക്കുള്ള ചരക്കുകടത്തിന്റെ 40 ശതമാനവും എൺപതു കിലോമീറ്റർ നീളമുള്ള പാനമ കനാലിലൂടെയാണ്. കനാലിൽ ചൈന നടത്തുന്ന നിക്ഷേപങ്ങളാണ് ട്രംപ് ഭരണകൂടത്തെ അസ്വസ്ഥമാക്കിയത്.

## ശ്രീലങ്ക മുഴുവൻ വൈദ്യുതി നിലച്ചു; കാരണം കുരങ്ങൻ

കൊളംബോ: ഞായറാഴ്ച ശ്രീലങ്കയിലുടനീളം വൈദ്യുതി നിലച്ചതിനു കാരണം ഒരു കുരങ്ങനാണെന്ന് ഊർജമന്ത്രി കുമാര ജയകോടി. കൊളംബോയിലെ സബ്സ്റ്റേഷനിൽ കടന്ന കുരങ്ങൻ വൈദ്യുതിവിതരണത്തിനുള്ള ഗ്രിഡ് ട്രാൻസ്ഫോർമറുമായി സന്പക്കർത്തിലായെന്നാണു മന്ത്രി പറഞ്ഞത്.

ഞായറാഴ്ച രാവിലെ 11.00നു നിലച്ച വൈദ്യുതി ക്രമേണ പുനഃസ്ഥാപിച്ചുവരികയാണ്. ആശുപത്രികൾക്കും, ജലശുദ്ധീകരണ പ്ലാൻറുകൾക്കുമായിരിക്കും ആദ്യം വൈദ്യുതി പുനഃസ്ഥാപിക്കുക. പഴയ ഗ്രിഡ് സംവിധാനം മൂലം ശ്രീലങ്കയിൽ കൂടെക്കൂടെ വൈദ്യുതി പ്രസിന്ധി ഉണ്ടാകുന്നതായി പ്രാദേശിക മാധ്യമങ്ങൾ ചൂണ്ടിക്കാട്ടി.

ഇതിനിടെ, ഒരു കുരങ്ങൻ രാജ്യത്ത് വൈദ്യുതി ഇല്ലാതാക്കിയെന്ന മന്ത്രിയുടെ അറിയിപ്പ് സോഷ്യൽ മീഡിയയിൽ വലിയ വിമർശനങ്ങൾക്കും പരിഹാസങ്ങൾക്കും കാരണമായി. പുരാണത്തിലെ ഹനുമാൻ ലങ്കയ്ക്കു തീയിട്ട കാര്യംവരെ ചിലർ ചൂണ്ടിക്കാട്ടി.

## പ്രയാഗ്‌രാജിലെ സ്ഥിതിഗതികൾ നിയന്ത്രിക്കാൻ ഉത്തരവാദിത്വപ്പെട്ടവരെ കാണുന്നില്ല: അഖിലേഷ് യാദവ്

ലക്നോ: മഹാകുഭമേളയുമായി ബന്ധപ്പെട്ട് പ്രയാഗ്‌രാജിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിൽ ഉത്തർപ്രദേശ് സർക്കാരിനെ വിമർശിച്ച് സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്. കിലോമീറ്റർ നീളുന്ന ഗതാഗതക്കുരുക്കിൽപ്പെട്ട ഭക്തർ അവശ്യസാധനങ്ങൾപോലും ലഭിക്കാതെ വലയുകയാണെന്ന് അഖിലേഷ് പറഞ്ഞു.

പ്രയാഗ്‌രാജിലെ സ്ഥിതിഗതികൾ നിയന്ത്രിക്കാൻ ഉത്തരവാദിത്വപ്പെട്ടവരെ കാണുന്നില്ല. മുഖ്യമന്ത്രി സമ്പൂർണ പരാജയമാണെന്ന് തെളിഞ്ഞു. പ്രയാഗ്‌രാജിൽ ഗതാഗതക്കുരുക്ക് കാരണം ഭക്ഷ്യവസ്തുക്കളോ, പച്ചക്കറികളോ, മരുന്നുകളോ, ഇന്ധനമോ ലഭ്യമല്ലെന്നും അഖിലേഷ് വിമർശിച്ചു.

ഇതുമൂലം, പ്രയാഗ്‌രാജ്, മഹാകുംഭമേള പരിസരപ്രദേശങ്ങളിലും പ്രയാഗ്‌രാജിലേക്കുള്ള റോഡുകളിലും കുടുങ്ങിക്കിടക്കുന്ന കോടിക്കണക്കിനു ഭക്തരുടെ അവസ്ഥ ഓരോ മണിക്കൂറിലും വഷളമായിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

# നിഷ് വെബിനാർ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗും (നിഷ്) സംസ്ഥാന സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തിവരുന്ന നിഡാസ് വെബിനാറിന്റെ ഭാഗമായി ഫെബ്രുവരി 13ന് "ബൗദ്ധിക വെല്ലുവിളി നേരിടുന്നവരിലെ ആശയവിനിമയപ്രശ്നങ്ങളും ഭക്ഷണം കഴിക്കാനുള്ള ബുദ്ധിമുട്ടും" എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ സംഘടിപ്പിക്കുന്നു. നിഷിലെ ലക്ചററും സ്പീച് ലാംഗ്വേജ് പാത്തോളജിസ്റ്റുമായ അശ്വതി എ കെ ആണ് നേതൃത്വം നൽകുക. മലയാളത്തിലെ വെബിനാറിൽ രാവിലെ 10.30 മുതൽ 11.30 വരെ ഗൂഗിൾ മീറ്റിലൂടെയും യൂട്യൂബിലൂടെയും തത്സമയം പങ്കെടുക്കാം. സെമിനാർ ലിങ്ക് https://meet.google.com/bip-juco-cer. കൂടുതൽ വിവരങ്ങൾക്ക് 91-471-2596919/ 8848683261, www.nidas.nish.ac.in/ .

## അമ്പതിനായിരം മുൻഗണനാ റേഷൻകാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം 12ന്

ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നതും വകുപ്പുതല പരിശോധനയിലൂടെ അനർഹരുടെ കയ്യിൽ നിന്നും ലഭിച്ചതുമായ 50000 മുൻഗണനാ റേഷൻകാർഡുകളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 12 വൈകിട്ട് 4.30ന് ഗവ. വിമൻസ് കോളേജ് ആഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രി ജി.ആർ.അനിൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി.ശിവൻകുട്ടി മുഖ്യാതിഥിയാകും. മുൻഗണനേതര റേഷൻകാർഡുകൾ തരംമാറ്റുന്നതിന് 2024 നവംബർ 15 മുതൽ ഡിസംബർ 15 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നല്കിയിരുന്നു. ആകെ 75563 അപേക്ഷകൾ ലഭിച്ചു. സൂക്ഷ്മപരിശോധനയിൽ മുൻഗണനാകാർഡിന് അർഹരായ 73970 അപേക്ഷകൾ കണ്ടെത്തി. മാനദണ്ഡപ്രകാരം 30 മാർക്കിന് മുകളിൽ ലഭ്യമായ 63861 അപേക്ഷകരിൽ ആദ്യ അമ്പതിനായിരം പേർക്കാണ് ഇപ്പോൾ മുൻഗണനാ കാർഡുകൾ നൽകുന്നതെന്ന് മന്ത്രി ജി.ആർ. അനിൽ പത്രക്കുറിപ്പിൽ അറിയിച്ചു. മുൻഗണനാകാർഡിന് അർഹരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശേഷിക്കുന്ന അപേക്ഷകർക്ക് തുടർന്നുള്ള മാസങ്ങളിൽ ഒഴിവ് വരുന്ന മുറയ്ക്ക് മുൻഗണനാകാർഡുകൾ വിതരണം ചെയ്യുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. എം.എൽ.എ.മാരായ ആന്റണി രാജു, വി.കെ.പ്രശാന്ത്, മേയർ ആര്യാ രാജേന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി : അംശാദായം അടച്ച് അംഗത്വം പുതുക്കണം

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഫിഷറീസ് ഓഫീസുകളിൽ എത്തി 2024-25 വർഷത്തെ അംശാദായം അടച്ച് അംഗത്വം പുതുക്കണം. കുടിശ്ശികയുള്ളവരും 2024-25 വർഷത്തെ ക്ഷേമനിധി വിഹിതം നാളിതുവരെ അടയ്ക്കാത്ത തൊഴിലാളികളും ഫെബ്രുവരി 28 നകം ഫിഷറീസ് ഓഫീസുകളിൽ അംശാദായം അടക്കണം. ക്ഷേമനിധി പാസ്ബുക്ക്, ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവ ഹാജരാക്കണം. മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി ലിസ്റ്റുകളിലെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ആധാർ നമ്പർ, റേഷൻ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തണം. മാറ്റമുള്ള വിവരങ്ങൾ ഫിഷറീസ് ഓഫീസറെ അറിയിക്കണം.

മത്സ്യത്തൊഴിലാളി,അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ പ്രകാരമുള്ള അപകടമരണം, അപകടത്തെ തുടർന്നുള്ള അംഗവൈകല്യം, ആശുപത്രി ചികിത്സ എന്നിവയ്ക്കുള്ള ഇൻഷുറൻസ് ധനസഹായത്തിനും, മാരകരോഗ ചികിത്സ ധനസഹായ പദ്ധതി,സാന്ത്വനതീരം ചികിത്സാ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ്, പെൺമക്കളുടെ വിവാഹ ധനസഹായം, ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ മുതലായവ തുടർന്നും ലഭിക്കുന്നതിന് അംശാദായം അടച്ച് അംഗത്വം നിലനിർത്തണം.

# സ്വകാര്യ സർവകലാശാല വൈകി ഉദിച്ച വിവേകമെന്ന് കെ സുധാകരൻ എംപി

തിരുവനന്തപുരം: ഉന്നതവിദ്യാഭ്യാസ മേഖലയിൽ യുഡിഎഫ് സർക്കാരുകൾ കൊണ്ടുവന്ന പുരോഗമനപരമായ എല്ലാ മാറ്റങ്ങളെയും അന്ധമായി എതിർക്കുകയും പിന്നീട് ആശ്ളേഷിക്കുകയും ചെയ്ത ചരിത്രമായണ് സിപിഎമ്മിനുള്ളതന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. സിപിഎമ്മിന്റെ അപരിഷ്കൃത നയങ്ങൾമൂലം യുവജനങ്ങൾ വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി കേരളത്തിൽനിന്നു പലായനം ചെയ്യുമ്പോൾ സ്വകാര്യ സർവകലാശാല തുടങ്ങാനുള്ള തീരുമാനം വൈകി ഉദിച്ച വിവേകമാണെന്നും അദ്ദേഹം പറഞ്ഞു.

കാലത്തിന് അനുസരിച്ചുള്ള മാറ്റം ഉൾക്കൊള്ളാൻ സിപിഎം എന്ന പിന്തിരിപ്പൻ പ്രസ്ഥാനത്തിന് വർഷങ്ങൾ വേണ്ടി വരും. എന്നാൽ തിരുത്താൻ വൈകിയതുമൂലം അവസരങ്ങളേറെ നഷ്ടപ്പെട്ട നാടാണ് നമ്മുടേത്. പ്ലസ്ടു, സ്വാശ്രയ വിദ്യാഭ്യാസം, ഓട്ടോണമസ് കോളജ്, സ്വകാര്യ സർവകലാശാലകൾ, വിദേശ സർവകലാശാലകളുമായി സഹകരണം തുടങ്ങിയ കാലോചിതമായ എല്ലാ പരിഷ്കാരങ്ങൾക്കും സിപിഎം തുരങ്കം വെച്ചു. ഈ നയങ്ങളുടെയെല്ലാം ഉപയോക്താവും പ്രയോക്താവുമായി പിന്നീട് സിപിഎം മാറി.

1982- 87ൽ കെ കരുണാകരൻ സർക്കാരിന്റെ കാലം മുതൽ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടിരുന്നു. ഇതിനായി ആ സർക്കാർ നിയോഗിച്ച മാൽക്കം. എസ്. ആദിശേഷയ്യ കമ്മിഷന്റെ നിഗമനങ്ങളെ പാടെ തള്ളിക്കളയണമെന്നായിരുന്നു അന്നു സിപിഎമ്മിന്റെ പ്രധാന ആവശ്യം. അക്കാലത്ത് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കോളജുകളിൽനിന്ന് പ്രീഡിഗ്രി കോഴ്സ് സ്കൂളിലേക്കു മാറ്റാൻ തീരുമാനിച്ചപ്പോൾ പ്രീഡിഗ്രി ബോർഡിനെതിരേ വ്യാപകമായ അക്രമമാണ് അഴിച്ചുവിട്ടത്. 1996ൽ ഇകെ നായനാർ സർക്കാർ പ്രീഡിഗ്രി ബോർഡ് നടപ്പാക്കുകയും ചെയ്തു. കരുണാകരൻ സർക്കാരിന്റെ കാലത്തു തന്നെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ തീരുമാനിക്കുകയും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ഒരു കോഴ്സ് അനുവദിക്കുകയും ചെയ്തു. അന്നും പ്രചണ്ഡമായ സമരം ഉണ്ടായി.

1991-95 ലെ കരുണാകരൻ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ പരിയാരം മെഡിക്കൽ കോളജ് സ്ഥാപിക്കുന്നതിനെതിരേ ഇടത് വിദ്യാർത്ഥി യുവജനസംഘടനകൾ രംഗത്തുവന്നു. കരുണാകരന്റെയും രാഘവന്റെയും സ്വകാര്യസ്വത്താണിത് എന്നായിരുന്നു സിപിഎമ്മിന്റെ പ്രചാരണം. 40 ദിവസത്തോളം നീണ്ട സമരത്തിനൊടുവിലാണ് 1994ൽ കൂത്തുപറമ്പ് വെടിവയ്പ് ഉണ്ടായത്. പിന്നീട് സിപിഎം പരിയാരം മെഡിക്കൽ കോളജിന്റെ ഭരണം പിടിച്ചെടുത്ത് സ്വന്തമാക്കി. 2001ലെ എകെ ആന്റണി സർക്കാർ സ്വാശ്രയ മേഖലയിൽ എൻജിനിയറിംഗ്-മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചപ്പോൾ സിപിഎം ഈ നീക്കത്തിനെതിരെ വൻ പ്രതിഷേധം ഉയർത്തി. സ്വാശ്രയ കോളജുകൾക്കെതിരേ അണികളെ ഇളക്കിവിട്ടപ്പോൾ പിണറായി വിജയൻ ഉൾപ്പെടെയുള്ള നേതാക്കളുടെ മക്കൾ സ്വാശ്രയ കോളജുകളിലും വിദേശത്തും വിദ്യാഭ്യാസം നേടി. 2006ൽ വിഎസ് അച്യുതാനന്ദൻ സർക്കാർ ഉദാരമായി സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിച്ചു.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 2014ൽ കോവളത്ത് നടന്ന ആഗോള വിദ്യാഭ്യാസ സംഗമത്തെ എതിർത്ത എസ് എഫ്ഐക്കാർ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയർമാനായിരുന്ന ടിപി ശ്രീനിവാസിന്റെ മുഖത്തടിച്ചു. സിപിഎമ്മിന്റെ പിന്തിരിപ്പൻ നയങ്ങൾ മൂലം തലമുറകൾക്കാണ് കനത്ത നഷ്ടം സംഭവിച്ചതെന്ന് സുധാകരൻ ചൂണ്ടിക്കാട്ടി.

## സർക്കാരിന് നിസംഗത; വന്യജീവി ആക്രമണങ്ങളിൽ നിന്നുംജനങ്ങളെ രക്ഷിക്കാൻ ഒരു നടപടിയും സ്വീകരിക്കുന്നില്ല: പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: ഇന്നലെ ഇടുക്കി പെരുവന്താനത്ത് ഒരു സ്ത്രീയെയും ഇന്ന് വയനാട് ബത്തേരി നൂൽപുഴയിൽ ഒരു ചെറുപ്പക്കാരനെയും ആന ചവിട്ടിക്കൊന്നിരിക്കുകയാണ്. ഈ ആഴ്ച മാത്രം മൂന്ന് മരണങ്ങളാണുണ്ടായത്. യു. ഡി. എഫ് നടത്തിയ മലയോര സമര യാത്രയിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യ വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടി സ്വീകരിക്കണം എന്നതായിരുന്നു. ഇത്തവണത്തെ ബജറ്റിൽ കൂടുതൽ തുക വച്ചിട്ടുണ്ട് എന്നതിൽ കാര്യമില്ല. കാരണം കഴിഞ്ഞ തവണ നീക്കിവച്ച തുകയുടെ പകുതി പോലും ചെലവഴിച്ചില്ല. കഴിഞ്ഞ നാലു വർഷമായി വന്യജീവികളെ പ്രതിരോധിക്കുന്നതിനു വേണ്ടിയുള്ള കിടങ്ങുകളോ, മതിലുകളോ, സൗരോർജ്ജ വേലികളോ നിർമ്മിച്ചില്ല. മലയോരത്തെ ജനങ്ങളെ വിധിക്ക് വിട്ടു കൊടുക്കാനാണ് സർക്കാരിന്റെ തീരുമാനം. സർക്കാരിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചാണ് യു. ഡി. എഫ് മലയോര സമര യാത്ര നടത്തിയത്. വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ സർക്കാർ തയാറാകണം.

സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് പറഞ്ഞതാണിത്. വനാതിർത്തികളിൽ മാത്രമല്ല നാട്ടിൻപുറത്തേക്ക് കൂടി വന്യമൃഗങ്ങളുടെ ശല്യം ഉണ്ടാകുകയാണ്. ജീവിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. എന്നിട്ടും സർക്കാർ നിസംഗരായി നിൽക്കുകയാണ്. വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കാനോ ജനങ്ങളെ അതിൽ നിന്നും രക്ഷിക്കാനോ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ജനങ്ങൾക്ക് ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം ഉണ്ടായിട്ടും ഒന്നും ചെയ്യാതെ സർക്കാർ വെറുതെയിരിക്കുകയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മയക്കുമരുന്നിനെതിരെ സഭയിൽ രോദനം; സുജിത്തിന് ചവറയിൽ ലോജിസ്റ്റിക് പാർക്ക് വേണം

യേശുദാസ് വില്യം

നിയമസഭ; മയക്കുമരുന്നിൻെറ വിപത്തിനെതിരെ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചു വന്നു. . കുണ്ടറ എംഎൽഎ പിസി വിഷ്ണു നാഥ് അവതരിപ്പിച്ച അടിയന്തിരപ്രമേയം ചർച്ചക്കെടുത്തുകൊണ്ടുള്ള വേദിയിലായിരുന്നു ഈ കാഴ്ച. മയക്കുമരുന്നിൻെറ ഭീകരത എണ്ണിയെണ്ണി വിഷ്ണുനാഥും, ചർച്ചയിൽ പങ്കെടുത്തവരും ചൂണ്ടിക്കാട്ടി. സ്കൂളുകൾ, കലാലയങ്ങൾ, ഹോസ്റ്റലുകൾ.

പൊതു ഇടങ്ങൾ, വാക്ക്വേ, ഒഴിഞ്ഞവീട്, കലുങ്കുകൾ, കേരളത്തിലെ വിദൂര, ഗ്രാമങ്ങൾ, നഗരങ്ങൾ അതിർത്തികൾ, ചുരങ്ങൾ എന്നുവേണ്ടാ എല്ലായിടത്തുൺ മയക്കുമരുന്നു ലഭിക്കുന്നു. ഒരിക്കൽ ഉപയോഗിച്ചവർ പണത്തിനു വേണ്ടി കരിയർ മാരാക്കപ്പെടുന്നു ഇതു മരണത്തിലേക്കുള്ള വഴിതുറക്കലാണ്. . മയക്കുമരുന്നിൻെറ നടുക്കുന്ന ഭീതിയെക്കുറിച്ചു സംസാരിച്ചതു പ്രതിപക്ഷ നേതാവ് വിഡി സതീശനാണ്. കൊടുങ്ങല്ലൂരിലെ കൊലപാതകങ്ങൾ കഴിഞ്ഞ് അവിടെ ചെന്നപ്പോൾ നെഞ്ചോടു ചേർന്നു കുട്ടികൾ പറഞ്ഞതിന് എന്തു മറുപടി പറയും. തികഞ്ഞ നിശബ്ദതയിൽ പ്രതിപക്ഷനേതാവിന്റ രോദനം പോലെയാണ് സഭയിൽ ഉയർന്നു കേട്ടത്. ഇതേവിഷയം പിസി വിഷ്ണു നാഥ് രണ്ടു കൊല്ലം മുൻപ് സഭയിൽ കൊണ്ടു വന്നതാണ്. അന്നു ഒറ്റക്കെട്ടായി ഈ വിപത്തിനെ നേരിടണമെന്നു മുർഖ്യമന്ത്രി പറഞ്ഞതാണ്. എന്നിട്ടെന്തായി വിഡി സതീശൻ ചോദിച്ചു. മയക്കുമരുന്നിനെതിരെ നടത്തുന്ന പ്രതിരോധ നടപടികളും പ്രവർത്തനങ്ങളെയും കുറിച്ചു എക്സൈസ് മന്ത്രി മറുപടി പറഞ്ഞു. കടലിൽ നിന്നുംഒരു തരി മണ്ണു ഖനനം ചെയ്യുവാൻ അനുവദിക്കില്ല. മറിച്ചായാൽ അതാരായാലും കടലിൻെറ മക്കളുടെ കൈക്കരുത്തറിയും. ബജറ്റിൻമേലുള്ള ചർച്ചയിൽ എതിർത്തു കൊണ്ടു പങ്കെടുത്തു സംസാരിക്കുകയായിരുന്നു കരുനാഗപ്പള്ളി എംഎൽഎ സി ആർ മഹേഷ്. കരയിൽ നിന്നും മണൽ തോണ്ടി തീർന്നു. ഇനി തീരക്കടലാണ് കേന്ദ്രത്തിൻെറ ലക്ഷ്യം. പുതിയ നിലപാടിൽ തീരം ആശങ്കയിലാണ്. ഇവിടെ കേന്ദ്രത്തിൻെറ നടപടിയിൽ മന്ത്രിക്കു നിരാശയാണ്. ശരിയാണ് ഇക്കാര്യത്തിൽ ഞാനും യോജിക്കുന്നു. കേന്ദ്രത്തിൽ നിന്നുമുള്ള പ്രതീക്ഷ നഷ്ടപ്പെട്ടു. എന്നാൽ നമ്മുടെ ബഡ്ജറ്റിൽ.. . വകയിരുത്തി. . വകയിരുത്തി. . യെന്നു ഉടനീളം കാണുന്നു. കാലോചിതമായ പരിഷ്ക്കരണത്തിൻെറഭാഗമായി എനിക്കൊരു നിർദേശമുള്ളത് വകയിരുത്തി യെന്നുള്ളത് വകവരുത്തി. . വകവരുത്തി. . . യെന്നാക്കണം. അതുപോലെ തന്നെ ലൈഫ് പദ്ധതിയെ പിൻതുണക്കുന്നു.എന്നാൽ ഏതിർപ്പുള്ളത് നാലു ലക്ഷം കൊണ്ട് എങ്ങിനെ വീടു നിർമ്മിക്കാനാവും. നാടകത്തിൽ സുജാതൻ മാസ്റ്ററെക്കൊണ്ടു സെറ്റിട്ടാൽപോലും നാലു ലക്ഷം മതിയാവില്ല. അതു കൊണ്ടു വീടിനും, ഭൂമിക്കും പത്തു ലക്ഷം വീതം അനുവദിക്കണമെന്നുൺ സിആർ മഹേഷ് ആവിശ്യപ്പെട്ടു. വന്യമൃഗശല്യം മൂലം ജനങ്ങൾ പരിഭ്രാന്തിയിലാണ്... പുറത്തിറങ്ങിയാൽ പുലിപിടിക്കും, അകത്തിരുന്നാൽ ചെന്താമര പിടിക്കും. ഇതാണ് അവസ്ഥ. സി. ആർ മഹേഷ് ചൂണ്ടിക്കാട്ടി. കേന്ദ്രം ചിറ്റമ്മനയം എന്നു കേരളം പറയുമ്പോൾ ഇവിടെ പ്രതിപക്ഷത്തോട് ഭരണപക്ഷം വിവേചനമാണ് കാണിക്കുന്നത്. നവകേരള സദ്സ്സിനോടനുബന്ധിച്ച് മണ്ഡലങ്ങൾക്കുള്ള ഏഴുകോടിയിൽ വിവേചനം ചൂണ്ടിക്കാട്ടിയതാണ് മഹേഷ് എംഎൽഎ. കുടിവെള്ളം ഊറ്റി മദ്യം ഉണ്ടാക്കുന്നതിലാണ് വികസനം കണ്ടെത്തുന്നത്. ഇതുകാണുമ്പോൾ വിവേകാനന്ദൻ അന്നു ഭ്രാന്താലയം എന്നു വിളിച്ചതിനു പകരം. . മദ്യാലയം. . എന്നു വിളിച്ചേനെ സി. ആർ മഹേഷ് പറഞ്ഞു. തീരദേശത്തിൻെറ വേദനയും അവഗണനയും വടകര എംഎൽഎ കെ. കെ രമ ബജറ്റ് നിർദേശങ്ങളെ എതിർത്തു കൊണ്ടു സംസാരിച്ചപ്പോൾ ചൂണ്ടിക്കാട്ടി. ബഡ്ജറ്റിനെ അനുകൂലിച്ചു കൊണ്ടു സംസാരിച്ച ചവറ എംഎൽഎ. ഡോ. സുജിത് വിജയൻപിള്ള കൂടുതൽ സമയവും വ്യവസായ നയത്തെയും കിഫ്ബിയുടെയും പ്രവർത്തനമെച്ചവും ചൂണ്ടിക്കാട്ടിയാണു സംസാരിച്ചത്. കിഫ്ബിയെക്കുറിച്ചും, ഈസ് ഓഫ് ഡൂയിൺഗ് സൺവിധാനത്തെക്കുറിച്ചും തെറ്റായ ക്യാപ്സൂളുകളാണ് പ്രതിപക്ഷം നൽുന്നതെന്നു സുജിത് പറഞ്ഞു. ചവറയിൽ സർക്കാർ ഏറ്റെടുത്ത പ്രദേശത്ത് ലോജിസ്റ്റിക് പാർക്ക് ആരംഭിക്കണമെന്ന നിർദേശവും മുന്നോട്ടുവെച്ചു.

## അസംബ്ലി കോക്ടെയിൽ



## ഇ–ഗ്രാന്റ്സ് കൈപ്പറ്റണം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ 2011–12 മുതൽ 2017–18 വരെയുള്ള അധ്യയന വർഷങ്ങളിൽ പിജി കോഴ്സുകൾ പഠിച്ച എസ്.ഇ.ബി.സി കാറ്റഗറിയിൽപ്പെട്ട ഇ-ഗ്രാന്റ്സ് ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടായിരുന്നിട്ട് ഇതുവരെ കൈപ്പറ്റാത്ത വിദ്യാർഥികൾ ഫെബ്രുവരി 28ന് അർഹമായ തുക കൈപ്പറ്റണം.

## മന്ത്രി ആയാലും മൈക്ക് തരില്ല; എം. ബി. രാജേഷിനെ ചട്ടം പഠിപ്പിച്ച് സ്പീക്കർ

തിരുവനന്തപുരം: എക്സൈസ് മന്ത്രി എം. ബി. രാജേഷിനെ നിയമസഭയിലെ ചട്ടം പഠിപ്പിച്ച് സ്പീക്കർ എ. എൻ. ഷംസീർ. അനുവാദമില്ലാതെ പ്രതിപക്ഷത്തിന്റെ ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞതാണ് സ്പീക്കറെ ചൊടിപ്പിച്ചത്. ചർച്ചക്കിടെ സ്പീക്കറുടെ അനുവാദം ഇല്ലാതെ പ്രതിപക്ഷം ചോദ്യം ഉന്നയിക്കുക, മന്ത്രി മറുപടി പറയുക, ഇങ്ങനെ ചെയ്താൽ മന്ത്രിക്ക് ഉൾപ്പെടെ മൈക്ക് ഇനി മുതൽ നൽകില്ലെന്ന് സ്പീക്കർ അറിയിച്ചു. ഇതോടെ മന്ത്രി ക്ഷമ ചോദിച്ചെങ്കിലും ക്ഷമയുടെ കാര്യമല്ല ഇനി മുതൽ അനുസരിക്കുകയാണ് വേണ്ടതെന്നും സ്പീക്കർ ഓർമിപ്പിച്ചത്. പരസ്പരം ഉള്ള ഷട്ടിൽ കളിയല്ല നിയമസഭയിലെ ചർച്ചയെന്നും സ്പീക്കർ ഓർമ്മിപ്പിച്ചു. തിരുവഞ്ചൂരിന്റെ ചോദ്യവും മന്ത്രി മറുപടി നൽകിയതുമാണ് സ്പീക്കറെ പ്രകോപിപ്പിച്ചത്. സംസ്ഥാനത്തെ ലഹരി വ്യാപനം സംബന്ധിച്ച അടിയന്തരപ്രമേയ ചർച്ചയ്ക്കിടെയായിരുന്നു സ്പീക്കറുടെ ഇടപെടൽ.

## വയനാട്ടിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട മാനുവിന്റെ ഭാര്യയെ കണ്ടെത്തി

കൽപ്പറ്റ: വയനാട്ടിൽ നൂൽപ്പുഴയിൽ കാട്ടാന ആക്രമണത്തെത്തുടർന്ന് കൊല്ലപ്പെട്ട മാനുവിന്റെ ഭാര്യ ചന്ദ്രികയെ കണ്ടെത്തി. ചന്ദ്രിക സുരക്ഷിതയാണ്.

തമിഴ്നാട്ടിൽ നിന്നും കാപ്പാട് ഉന്നതിയിലേയ്ക്ക് വിരുന്നിനെത്തിയ മാനുവിനൊപ്പം ഭാര്യയും ഉണ്ടായിരുന്നു. സാധനങ്ങൾ വാങ്ങി വീട്ടിലേയ്ക്ക് മടങ്ങുമ്പോഴായിരുന്നു ആക്രമണം. തുടർന്ന് ചന്ദ്രികയെ കാണാതാവുകയായിരുന്നു. തുടർന്നു നടത്തിയ തെരച്ചിലിലാണ് മാനുവിന്റെ ഭാര്യയെ കണ്ടെത്തിയത്. വീടിനടുത്തെ വയലിലാണ് മാനുവിന്റെ മൃതദേഹം കണ്ടെത്തിയത്. മൃതദേഹം കിടന്നതിന് സമീപം കാട്ടാനയുടെ കാൽപ്പാടുകൾ കണ്ടെത്തിയിരുന്നു.

# കയർ ബോർഡ് ജീവനക്കാരിയുടെ മരണം; അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്ര എംഎസ്എംഇ മന്ത്രാലയം

കൊച്ചി: കൊച്ചി കയർ ബോർഡിലെ തൊഴിൽ പീഡനത്തിൽ പരാതി നൽകിയ ജീവനക്കാരി മരിച്ച സംഭവത്തിൽ ഉദ്യോഗസ്ഥർക്കെതിരേയുള്ള ആരോപണങ്ങൾ പരിശോധിക്കാൻ അന്വേഷണ കമ്മിറ്റി രൂപീകരിച്ച് കേന്ദ്ര മൈക്രോ സ്മോൾ ആൻഡ് മീഡിയം മന്ത്രാലയം (എംഎസ്എംഇ). മൂന്നംഗ സമിതിയെയാണ് അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. സംഘം ആരോപണങ്ങൾ പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം.

തൊഴിൽ പീഡനത്തെക്കുറിച്ചു പരാതി നൽകിയ കേന്ദ്രസർക്കാർ സ്ഥാപനമായ കയർ ബോർഡിന്റെ കൊച്ചി ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിന്റെ ചുമതലയുള്ള സെക്ഷൻ ഓഫീസർ വെണ്ണല ചളിക്കവട്ടം പയ്യപ്പിള്ളി പരേതനായ മധുവിന്റെ ഭാര്യ ജോളി (56)യാണു കഴിഞ്ഞ ദിവസം മരിച്ചത്.

തലച്ചോറിലെ രക്തസ്രാവത്തെത്തുടർന്നു 11 ദിവസമായി കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കാൻസർ അതിജീവിത കൂടിയാണു ജോളി.

കയർ ബോർഡിലെ മേലുദ്യോഗസ്ഥരിൽ നിന്നുൾപ്പെടെ നിരന്തരമായ മാനസിക പീഡനത്തിന് ഇരയായിരുന്നു ജോളിയെന്നു കുടുംബാംഗങ്ങൾ ആരോപിച്ചു. കാൻസർ രോഗി കൂടിയായ ഇവർ താൻ നേരിടുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി കയർബോർഡ് ഉന്നത ഉദ്യഗസ്ഥർക്കും എംഎസ്എംഇ മന്ത്രാലയത്തിനും പ്രധാനമന്ത്രിയുടെ ഓഫീസിനും നേരത്തെ പരാതികൾ നൽകിയിരുന്നുവെങ്കിലും പരിഹാരമുണ്ടായില്ലെന്നും ആക്ഷേപമുണ്ട്.

കയർ ബോർഡിൽ നടന്ന അഴിമതി ചൂണ്ടിക്കാട്ടിയ ജോളിയോടു മേലുദ്യോഗസ്ഥർ പ്രതികാരബുദ്ധിയോടെ പെരുമാറിയിരുന്നെന്നും കാൻസർ രോഗിയെന്ന പരിഗണനപോലും നൽകാതെ അകാരണമായി ആന്ധ്രയിലേക്കു സ്ഥലംമാറ്റുകയും പ്രമോഷനും ശമ്പളവും തടഞ്ഞുവയ്ക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നെന്നും ബന്ധുക്കൾ പറയുന്നു.

കയർ ബോർഡ് ഉദ്യോഗസ്ഥർക്കെതിരേയുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു കയർ ബോർഡ് ചെയർമാൻ പറഞ്ഞു. ആരോഗ്യപ്രശ്നങ്ങൾ മനസിലാക്കി ജോളിക്ക് അവധിയും ആ സമയത്തെ ശമ്പളവും അനുവദിച്ചു. 1996 ൽ കയർ ബോർഡിൽ എൽഡിസിയായിയാണു ജോളി ജോലിയിൽ പ്രവേശിച്ചത്. തുടർന്നു ജൂനിയർ സ്റ്റെനോഗ്രഫർ, ഹിന്ദി വിവർത്തക എന്നീ തസ്തികകളിലേക്കു സ്ഥാനക്കയറ്റം നൽകി. ഇപ്പോൾ സെക്ഷൻ ഓഫീസറാണ്.

ഭരണപരമായ ക്രമീകരണങ്ങളുടെ ഭാഗമായാണു ആന്ധ്രയിലെ രാജമുൻഡ്രിയിലേക്കു സ്ഥലം മാറ്റം നൽകിയത്. ആരോഗ്യപ്രശ്നങ്ങൾ മനസിലാക്കി സ്ഥലംമാറ്റ ഉത്തരവും റദ്ദാക്കിയിരുന്നു. ഇക്കാര്യത്തിൽ ബോർഡിനുള്ളിൽ എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ കണ്ടെത്തി, ഉചിതമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്നും ചെയർമാൻ അറിയിച്ചു.

# മദ്രസ അധ്യാപകർക്കു മാത്രം പലിശരഹിത ഭവനവായ്പ: വിവേചനപരമായ ഉത്തരവ് പിൻവലിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ്

കൊച്ചി: സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ മുഖേന മദ്രസ അധ്യാപകർക്കു മാത്രമായി അഞ്ചു ലക്ഷം രൂപയുടെ പലിശരഹിത ഭവനവായ്പ പദ്ധതി അനുവദിച്ച സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ തീരുമാനം മതവിവേചനവും ഭരണഘടനാവിരുദ്ധവുമെന്ന് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി.

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വിവേചനപരമായ ഉത്തരവ് പിൻവലിക്കണമെന്നും ക്രിസ്ത്യൻ ന്യൂനപക്ഷമുൾപ്പെടെ ഇതര വിജ്ഞാപിത മതന്യൂനപക്ഷങ്ങളിലെ മതാധ്യാപകരെയും പലിശരഹിത ഭവനവായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ഉത്തരവിറക്കണമെന്നുമാണ് കത്തോലിക്ക കോൺഗ്രസിന്റെ നിലപാട്.

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ മുഖേന, മദ്രസ അധ്യാപക ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്കായി നൽകുന്ന ഭവനവായ്പ 2.5 ലക്ഷത്തിൽനിന്ന് അഞ്ചു ലക്ഷമായി ഉയർത്തിയിരിക്കുന്നു എന്ന രീതിയിലാണ് സർക്കാർ ഉത്തരവ്. എന്നാൽ, കെഎസ്എംഡിഎഫ്സി യുടെ വെബ്സൈറ്റിലുള്ള വിശദ വിവരങ്ങൾ പരിശോധിക്കുമ്പോൾ ഇത് പലിശരഹിത വായ്പയാണെന്നു വ്യക്തമാണ്. മുസ്ലിമിതര ന്യൂനപക്ഷങ്ങളെക്കൂടി ഗുണഭോക്താക്കളായി പരിഗണിക്കുന്ന മറ്റൊരു ഭവനവായ്പാ പദ്ധതിക്ക് കൂടിയ നിരക്കിൽ പലിശ ഈടാക്കുന്നുമുണ്ട്. ഇത് വിവേചനപരവും ന്യൂനപക്ഷ തത്വങ്ങളുടെ പച്ചയായ ലംഘനവുമാണ്.

മദ്രസ അധ്യാപകർക്കു മാത്രമായി പലിശരഹിത വായ്പ നൽകാൻ ഉദ്ദേശിക്കുന്നെങ്കിൽ അത് പൂർണമായും മദ്രസ അധ്യാപക ക്ഷേമനിധി ബോർഡാണ് നടപ്പിലാക്കേണ്ടത്. അതിനു പകരം ന്യൂനപക്ഷങ്ങളുടെ പൊതുവായ സംവിധാനങ്ങളിലേക്ക് അതിന്റെ ബാധ്യത അടിച്ചേല്പിക്കുന്നതും ഫണ്ട് വകമാറ്റുന്നതും യാതൊരു വിധത്തിലും അംഗീകരിക്കാനാവില്ല.

എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളും ഗുണഭോക്താക്കളായ വിവിധ വിദ്യാഭ്യാസ സ്കോളർഷിപ്പുകളുടെ വിഹിതം സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ നേർപകുതിയായി വെട്ടിക്കുറച്ച സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ്, പ്രത്യേക വിഭാഗക്കാർക്ക് മാത്രമുള്ള ഒരു പദ്ധതിയുടെ ഫണ്ട് നേരേ ഇരട്ടിയാക്കുന്ന വിരോധാഭാസമാണ് കാണുന്നത്. ഇത്തരം അനീതിപരമായ നടപടികളിൽനിന്ന് ന്യൂനപക്ഷ ക്ഷേമവകുപ്പും കോർപറേഷനും പിന്മാറണം.

സർക്കാർ പലിശരഹിത വായ്പാ പദ്ധതിയുമായി മുന്നോട്ടു പോവുകയാണെങ്കിൽ, അതിൽ ക്രിസ്ത്യൻ ഉൾപ്പെടെയുള്ള എല്ലാ ന്യൂനപക്ഷ മതാധ്യാപകരെയും പരിഗണിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു. നേതൃയോഗത്തിൽ പ്രസിഡൻറ് രാജീവ് ജോസഫ് അധ്യക്ഷത വഹിച്ചു. റവ. ഡോ. ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി.

## പാതിവില തട്ടിപ്പ്: അനന്തു കൃഷ്ണന്റെ ജാമ്യാപേക്ഷ തള്ളി

മൂവാറ്റുപുഴ: പാതിവില തട്ടിപ്പുകേസിൽ അറസ്റ്റിലായ പ്രതി അനന്തു കൃഷ്ണന്റെ ജാമ്യാപേക്ഷ തള്ളി. മൂവാറ്റുപുഴ ജുഡീഷൽ ഫസ്റ്റ്ക്ലാസ് കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്. അനന്തു പ്രഥമദൃഷ്ട്യാ കുറ്റക്കാരൻ ആണെന്ന് കോടതി നിരീക്ഷിച്ചു.

ജാമ്യം നൽകിയാൽ തെളിവ് നശിപ്പിക്കാൻ സാധ്യതയുണ്ടെന്ന് പ്രോസിക്യൂഷൻ വാദിച്ചു. അനന്തുകൃഷ്ണനെതിരെ മറ്റ് പോലീസ് സ്റ്റേഷനുകളിലും കേസുണ്ട് സർക്കാർ കോടതിയെ അറിയിച്ചു.

അനന്തു കൃഷ്ണനെ കൊച്ചിയിലും ഇടുക്കിയിലുമെത്തിച്ച് നേരത്തെ തെളിവെടുപ്പ് നടത്തിയിരുന്നു. മൂവാറ്റുപുഴ പേഴയ്ക്കാപ്പിള്ളിയിലുള്ള സോഷ്യോ ഇക്കണോമിക്കൽ ആൻഡ് എൻവയോൺമെൻറൽ സൊസൈറ്റിയിലെ 1222 അംഗങ്ങളിൽനിന്നായി സ്കൂട്ടർ നൽകുന്നതിന് 60, 000 രൂപ വീതം 7,33,20, 000 രൂപയും 127 പേരിൽനിന്നു തയ്യൽ മെഷീൻ ഇനത്തിൽ 11,31,000 രൂപയും ലാപ്ടോപ് ഇനത്തിൽ 30, 000 രൂപ വീതം 51 പേരിൽനിന്ന് 15,30, 000 രൂപയും ഉൾപ്പെടെ മൊത്തം 7,59,81,00 രൂപ അനന്തുവിന്റെ പ്രഫഷണൽ സർവീസ് ഇന്നൊവേഷൻ എന്ന സ്ഥാപനത്തിന്റെ എറണാകുളം ഇയ്യാട്ടിൽമുക്ക് എച്ച്ഡിഎഫ്സി ബാങ്കിലുള്ള അക്കൗണ്ടിലേക്ക് എത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

## ഗതാഗത നിയന്ത്രണം

പിഎംജി– പാറ്റൂർ റോഡിൽ , മിരാൻഡ ജംഗ്ഷൻ മുതൽ തമ്പുരാൻമുക്ക് വരെയും, മിരാൻഡ ജംഗ്ഷൻ മുതൽ വടയ്ക്കാട് ജംഗ്ഷൻ വരെയും ഓടയുടേയും കൾവേർട്ടിന്റെയും പുനർ നിർമാണ പ്രവർത്തികൾ ആരംഭിക്കുന്നതിനാൽ ഇന്ന് മുതൽ (ഫെബ്രുവരി 12) ഒരു മാസത്തേക്ക് മിരാൻഡ ജംഗ്ഷൻ മുതൽ തമ്പുരാൻമുക്ക് വരെയുള്ള ഭാഗത്ത് ഭാഗികമായ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുമെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

## കേരളത്തിലെ യുവത്വം ലഹരിയുടെ മയക്കത്തിൽ; സർക്കാർ എന്താണ് ചെയ്യുന്നതെന്ന് സതീശൻ

തിരുവനന്തപുരം: കേരളത്തിലെ യുവത്വം ലഹരിയുടെ മയക്കത്തിലെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. കഞ്ചാവിന്റെ കാലം പോയി. സംസ്ഥാനത്ത് രാസലഹരികൾ ഒഴുകുകയാണെന്ന് സതീശൻ നിയമസഭയിൽ പറഞ്ഞു.

സംസ്ഥാനത്തെ ലഹരി വ്യാപനം സംബന്ധിച്ച അടിയന്തരപ്രമേയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു സതീശൻ. മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ള വിമുക്തി പദ്ധതി പരാജയമെന്ന് സതീശൻ പറഞ്ഞു.

കുറച്ച് ഫോട്ടോയും ബാനറും പ്രദർശിപ്പിക്കുന്നതായി പദ്ധതി മാറി. വൃത്തിയുള്ള ഒരു ഇൻറലിജൻസ് സംവിധാനം പോലും എക്സൈസിനില്ലെന്നും സതീശൻ വിമർശിച്ചു.

ലഹരിക്കേസുകൾ നാൾക്കുനാൾ കൂടിവരികയാണ്. കുറ്റകൃത്യത്തിന്റെ സ്വഭാവം തന്നെ മാറി. പുറത്തിറങ്ങി നടക്കാൻ ആളുകൾക്ക് പേടിയാണ്. എവിടെവച്ചും ആരും ആക്രമിക്കപ്പെടാമെന്ന സ്ഥിതി വിശേഷമാണ് സംസ്ഥാനത്തുള്ളത്. ഈ മാഫിയയെ പുറത്തുകൊണ്ടുവരാൻ സർക്കാർ എന്താണ് ചെയ്യുന്നതെന്നും സതീശൻ ചോദിച്ചു.

## അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ് തിരുവനന്തപുരത്തേയും ആറ്റിങ്ങലിലേയും അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഒരുവർഷം ദൈർഘ്യമുള്ള പ്രഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. റഗുലർ , പാർട്ട് ടൈം ബാച്ചുകളിലേക്ക് പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് : 7994926081.

# കാൻസർ രോഗ നിർണയവും ചികിത്സയും കൂടുതൽ കാര്യക്ഷമമാക്കാൻ ആദ്യമായി കാൻസർ ഗ്രിഡ്: മന്ത്രി

### *കാൻസർ സേവനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ബൃഹദ് ശൃംഖല

സംസ്ഥാനത്ത് കാൻസർ രോഗനിർണയവും ചികിത്സയും കൂടുതൽ കാര്യക്ഷമമാക്കാൻ കാൻസർ ഗ്രിഡ് ഏറെ സഹായകരമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് കാൻസർ ഗ്രിഡ് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. താഴെത്തട്ട് മുതലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നവരിൽ കാൻസർ രോഗസാധ്യതയുള്ളവർക്ക് മറ്റിടങ്ങളിൽ അലയാതെ കൃത്യമായ പരിശോധനയും ചികിത്സയും ലഭ്യമാക്കുന്നു. സംസ്ഥാനത്തെ വിവിധ കാൻസർ പരിശോധനാ കേന്ദ്രങ്ങളുടേയും ചികിത്സാ സൗകര്യമുള്ള ആശുപത്രികളുടേയും പരിശോധനാ കേന്ദ്രങ്ങളുടേയും റീജിയണൽ കാൻസർ സെന്ററുകളുടേയും ഒരു ശൃംഖലയാണിത്. സംസ്ഥാനത്തെമ്പാടും ഒരേ തരത്തിൽ ഉയർന്ന നിലവാരമുള്ള കാൻസർ പരിചരണം ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

കാൻസർ ഗ്രിഡിലൂടെ രോഗികൾക്ക് എവിടെയാണെങ്കിലും സമാനമായ ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാകുന്നു. കാൻസർ പരിചരണത്തിനായി ഏകീകൃത ചികിത്സാ പ്രോട്ടോക്കോളുകളും മാർഗനിർദ്ദേശങ്ങളും സാധ്യമാക്കാനും ഇതിലൂടെ കഴിയുന്നു. കാൻസർ വിദഗ്ദ്ധർക്കിടയിൽ സഹകരണം എളുപ്പമാക്കുകയും അതുവഴി അവർക്ക് അറിവും വൈദഗ്ധ്യവും പങ്കിടാനും കഴിയുന്നു. കൂടാതെ കാൻസർ ചികിത്സയിലും പ്രതിരോധത്തിലുമുള്ള ഗവേഷണത്തേയും ഇന്നൊവേഷനേയും പ്രോത്സാഹിപ്പിക്കുന്നു.

എവിടെയെല്ലാം കാൻസർ സ്ക്രീനിംഗ് സൗകര്യം ലഭ്യമാണ്, അവിടെ കാൻസർ സംശയിച്ചാൽ എവിടെ റഫർ ചെയ്യണം, അവിടെ എന്തെല്ലാം സേവനങ്ങൾ വേണം തുടങ്ങി കാൻസറിന്റെ ഓരോ ഘട്ടത്തിലും എവിടെയെല്ലാം പരിശോധനയും ചികിത്സയും ലഭ്യമാകുന്നു എന്ന് കൃത്യമായി മാപ്പ് ചെയ്യുന്ന സംവിധാനമാണ് കാൻസർ ഗ്രിഡ്. ഒരു സ്ഥാപനത്തിൽ കാൻസർ കണ്ടെത്തിയാൽ തുടർസേവനങ്ങൾ എവിടെ ലഭ്യമാണെന്ന് കൃത്യമായി നിശ്ചയിച്ചിട്ടുണ്ട്. രോഗി എത്തുന്ന ആരോഗ്യ കേന്ദ്രത്തിന് തൊട്ടടുത്ത് ആവശ്യമായ വിദഗ്ധ പരിശോധനയും ചികിത്സയും ലഭ്യമാകുന്ന സ്ഥലത്താണ് അയയ്ക്കുന്നത്. ആ കേന്ദ്രത്തെ ഇക്കാര്യം അറിയിക്കുകയും ചെയ്യും. സാമ്പിളുകൾ നൽകിയ ശേഷം രോഗിയ്ക്ക് വീട്ടിൽ പോകാം. പരിശോധനാ ഫലം തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രം വഴി അറിയിക്കുന്നു. ആവശ്യമെങ്കിൽ തുടർസേവനങ്ങൾക്കായി റഫറൽ കേന്ദ്രത്തിലേക്ക് എത്തിക്കുന്നു. ചികിത്സയ്ക്ക് ശേഷം ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി തുടർസേവനങ്ങൾ ലഭ്യമാക്കുന്നു. ആശുപത്രികളിലെ ഗ്യാപ്പ് അനാലിസിസ് നടത്തി തുടർ നടപടികൾ സ്വീകരിച്ചാണ് കാൻസർ ഗ്രിഡ് സ്ഥാപിച്ചത്.

സംസ്ഥാനത്ത് കാൻസർ രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രാരംഭ രോഗ നിർണയത്തിനും പരിചരണത്തിനും പ്രത്യേക പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. കാൻസർ പ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം -അകറ്റാം അർബുദം' എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ജനകീയ കാൻസർ ക്യാമ്പയിൻ സംഘടിപ്പിച്ച് വരികയാണ്. സ്ക്രീനിംഗിൽ രോഗ സാധ്യത കണ്ടെത്തുന്നവർക്ക് വിദഗ്ധ പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നു. ഈ പ്രവർത്തനങ്ങൾക്കും കാൻസർ ഗ്രിഡ് ഏറെ സഹായിക്കും.